# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയ്ക്ക് താത്കാലിക അക്രഡിറ്റേഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.806 /2017/തസ്വഭവ                    തീയതി, തിരുവനന്തപുരം 21.03.2017.

---

പരാമർശം :- 1. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09.01.2017-ലെ കത്ത്.

2. 10/03/2017 ലെ ഡയറക്ടർ, കിലയുടെ റിപ്പോർട്ടോടുകൂടിയ കില/ടി.പി.(എ)-695/12 നമ്പർ കത്ത്

## <u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കൃഷി,ക്ഷീരമേഖല, മൃഗ സംരക്ഷണ മേഖല, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം, സേവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള അക്രഡിറ്റേഷൻ ഏജൻസിയായി ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (2) ലെ ഡയറക്ടർ, കില യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ,അക്രഡിറ്റേഷൻ കമ്മിറ്റിയുടെ അന്തിമ തീരുമാനം ആകുന്നതു വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കൃഷി, ക്ഷീരമേഖല, മൃഗസംരക്ഷണ മേഖല, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം, സേവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഏജൻസിയായി ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് താത്കാലിക അക്രഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**